ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 4/2010

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

## 80-ാം പുനരൈക്യവാർഷികം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

പരിശുദ്ധാത്മാവിന്റെ പ്രത്യേക നിയോഗത്താൽ സഭയുടെ ആരംഭത്തിൽ തന്നെ സുവിശേഷ വെളിച്ചം സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ് മാർത്തോമ്മാ ക്രിസ്ത്യാനികളായ നാമെല്ലാവരും. 1653-ലെ കൂനൻകുരിശുസത്യത്തോടെ നഷ്ടമായ സാർവത്രിക സഭാകൂട്ടായ്മ വീണ്ടെടുക്കാനുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന പൂവണിഞ്ഞ പുണ്യദിനമാണ് 1930 സെപ്തംബർ 20. ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആഴമായ ദൈവാനുഭവവും സത്യത്തെ ആശ്ലേഷിക്കാനുള്ള ആത്മാർത്ഥതയും മലങ്കര സഭാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കംക്കുറിച്ചു. സാർവത്രികസഭയിൽ തദ്ദേശീയരായ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ അന്ത്യോക്യൻ സുറിയാനി ആരാധനക്രമം ഭാരതസാംസ്കാരിക തനിമയിൽ ജീവിക്കുന്ന ഒരു പ്രാദേശിക സഭാസമൂഹത്തിന് അടിസ്ഥാനംക്കുറിച്ച പുനരൈക്യപ്രസ്ഥാനം അതിന്റെ 80-ാം വർഷത്തി

ലേയ്ക്ക് പ്രവേശിക്കുകയാണ്.

അഞ്ചുപേരുടെ സജീവ സാക്ഷ്യമായി ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം അഞ്ചുലക്ഷത്തോളം വരുന്ന ഒരു വലിയ സമൂഹമായി രൂപപ്പെട്ടത് ദൈവപരിപാലന ഒന്നുകൊണ്ടു മാത്രമാണ്. സഭാപിതാക്കന്മാരുടെ സജീവമായ നേതൃത്വത്തോടു ചേർന്നുനിന്നുകൊണ്ട് വിവിധപ്രദേശങ്ങളിൽ സുവിശേഷവെളിച്ചം പകർന്നു നൽകാൻ യത്നിച്ച ബ. വൈദികരുടെയും സന്യസ്തരുടെയും സമർപ്പണവും അല്മായ പ്രേഷിതരുടെ ത്യാഗോജ്ജ്വലമായ സേവനവും പുനരൈക്യപ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള വളർച്ചയിലെ നിർണായകശക്തിയായിരുന്നു. ഒരു പ്രാദേശിക-വ്യക്തിഗത സഭയായി ഈ സമൂഹത്തെ രൂപപ്പെടുത്താൻ പരിശ്രമിച്ച നമ്മുടെ പൂർവികരുടെ സ്മരണ നമ്മുടെ ചിന്തകളെ ധന്യമാക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ ഇന്ന് വിവിധ ഭദ്രാസനങ്ങളും എക്സാർക്കേറ്റുമുള്ള സ്വയംഭരണാവകാശമുള്ള ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി കേരളത്തിലും തമിഴ്നാട്ടിലും കർണാടകത്തിലും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലും അമേരിക്കയിലും യൂറോപ്പിന്റെ വിവിധപ്രദേശങ്ങളിലും കാനോനികമായ സ്ഥിരീകരണം ഉറപ്പാക്കിയിരിക്കുന്നു. സഭാമക്കളുടെ വലിയ ബന്ധത്തിന്റെയും സഭാസ്നേഹത്തിന്റെയും അടയാളമായിട്ടാണ് ചരിത്രത്തിലെ ഈ വളർച്ചയെ നാം നോക്കികാണേണ്ടത്.

ഈ വർഷത്തെ പുനരൈക്യ വാർഷികാഘോഷങ്ങൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കുന്നത് 80 വർഷങ്ങൾക്കുമുമ്പു നടന്ന ഒരു ദൈവനിയോഗത്തിന്റെ ആഘോഷമായി നാം മനസിലാക്കണം. സ്വന്തമായി ഒരു ദൈവാലയമോ വിശ്വാസികളോ ഇല്ലാതിരുന്ന അനന്തപുരി മലങ്കര കത്തോലിക്കാസഭാ ആസ്ഥാനമായി തെരഞ്ഞെടുത്തത് ഒരു ദൈവീകപദ്ധതിയായിരുന്നു. അനന്തപുരിയിലേയ്ക്കുള്ള മാർ ഈവാനിയോസ് പിതാവിന്റെ യാത്ര വാഗ്ദാന നാട്ടിലേയ്ക്കുള്ള യാത്രയുടെ പുനരാവിഷ്കരണമായിരുന്നു. അത്ദൈവപരിപാലനയിൽ ആശ്രയിച്ച ഒരു തീർത്ഥാടന യാത്രയായിരുന്നു. അനന്തപുരിയിലെ സജീവനേതൃത്വമായി നമ്മുടെ സഭാസമൂഹം വളർന്നതിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് കരഗതമായത് “ചെറിയ അജഗണമെ ഭയപ്പെടേണ്ട. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചി

രിക്കുന്നു" (ലൂക്കാ 12:32) എന്ന ക്രിസ്തുനാഥന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു.

അനന്തപുരിയിൽ നമ്മുടെ സഭാസമൂഹത്തിന് ശക്തമായ അടിസ്ഥാനമിട്ട ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശ്വാസതീക്ഷ്ണതയും അനന്തപുരിയിലെ വിശാല മനുഷ്യസമൂഹത്തിന് ദൈവസ്നേഹത്തിന്റെ സാമീപ്യമായി നിലകൊണ്ട ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ മാനവസ്നേഹവും അനന്തപുരിയിലെ കത്തോലിക്കാസഭാനേതൃത്വമായി പരിലസിച്ച ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവായുടെ സഭാദർശനങ്ങളും ഈ വർഷത്തെ പുനരൈക്യാഘോഷങ്ങളെ ധന്യമാക്കുന്നു. നമ്മുടെ സഭയുടെ അനന്തപുരിയിലെ 8 പതിറ്റാണ്ടുകാലത്തെ സജീവസാന്നിദ്ധ്യത്തിന്റെ സാക്ഷ്യം കൂടിയാണ് ഈ പിതാക്കന്മാരുടെ ചരിത്രം.

മലങ്കര സഭയുടെ പ്രേഷിതശുശ്രൂഷയ്ക്ക് ഒരു പുതിയ ദിശാബോധം നൽകാൻ തെരഞ്ഞെടുത്ത തിരുവനന്തപുരത്ത് വച്ച് പുനരൈക്യാഘോഷം നടക്കുമ്പോൾത്തന്നെ അമേരിക്കയിൽ നമ്മുടെ സഭയുടെ കാനോനികമായ സ്ഥിരീകരണം ഉറപ്പാക്കിക്കൊണ്ട് സ്ഥാപിതമായ എക്സാർക്കേറ്റിന്റെ പ്രഥമ മെത്രാൻ വന്ദ്യ മോൺ. തോമസ് നായിക്കംപറമ്പിലിന്റെ മെത്രാഭിഷേകവും നടക്കുന്നു എന്നത് ദൈവികപദ്ധതിയിലെ മറ്റൊരു ധന്യമുഹൂർത്തമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഐക്യശുശ്രൂഷയിലും പ്രേഷിതപ്രവർത്തനത്തിലും കൂടുതൽ വിശാലമായ ദർശനം രൂപപ്പെടുത്താനും അതിനായി സഭാമക്കളൊരുമിച്ച് പുനഃസമർപ്പണം നടത്താനും ഈ ആഘോഷം ഇടയായിത്തീരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

80-ാമത് പുനരൈക്യാഘോഷങ്ങളോടനുബന്ധിച്ച് 2010 സെപ്തംബർ 18,19 തീയതികളിൽ അനന്തപുരിയിലെ മലങ്കര കൺവെൻഷൻ നടത്തുന്നതാണ്. 20-ാം തീയതി നമ്മുടെ സഭയിലെ വിവിധ പ്രേഷിതപ്രവർത്തനങ്ങളുടെ സഭാതല സംഗമം നടക്കുന്നതോടൊപ്പം വിവിധ മതനേതാക്കന്മാർ സംബന്ധിക്കുന്ന ഒരു മതസൗഹാർദ്ദസമ്മേളനവും നാം ക്രമീകരിച്ചിരിക്കുന്നു. ആഘോഷങ്ങളുടെ പ്രധാന ദിവസമായ 21-ാംതീയതി രാവിലെ 8 മണിക്ക് ആരംഭിക്കുന്ന ആഘോഷമായ വി.കുർബാനമദ്ധ്യേ നിയുക്തമെത്രാന്റെ മെത്രാഭിഷേകം നടത്തുന്നതാണ്. അതിനുശേഷം പൊതുസമ്മേളനം, സ്നേഹവിരുന്ന് എന്നിവയോടുകൂടി ആഘോഷങ്ങൾ സമാപിക്കുന്നതാണ്. നമ്മുടെ

സഭാമക്കളെല്ലാവരും ഈ ആഘോഷങ്ങളിൽ സംബന്ധിച്ച് സഭയുടെ ഐക്യശുശ്രൂഷയിൽ ഭാഗഭാക്കുകളാകണമെന്ന് ഞാൻ ഏവരെയും ആഹ്വാനംചെയ്യുന്നു.

മതതീവ്രവാദത്തിന്റെ ദൂഷ്യഫലങ്ങൾ നമ്മുടെ കേരളസമൂഹത്തെ അസ്വസ്ഥമാക്കുമ്പോൾ 'ഐക്യത്തിന്റെ ശുശ്രൂഷികൾ' എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭാമക്കൾക്ക് നമ്മുടെ നാട്ടിൽ ഐക്യം ഊഷ്മളമാക്കുവാൻ സവിശേഷമായ കടമയുണ്ട് എന്നത് സഭാമക്കളായ നിങ്ങളെ ഏവരെയും ഞാൻ ഓർമ്മിപ്പിക്കുന്നു. വിശാല മനുഷ്യസമൂഹത്തിന്റെ ഐക്യം നമ്മുടെ സഭാശുശ്രൂഷയുടെ അവിഭാജ്യഘടകമാകുന്നു. വിവിധ മതസ്ഥരും സമുദായ അംഗങ്ങളും സന്മനസ്സുള്ളവരുമായുള്ള നമ്മുടെ ബന്ധവും എല്ലാവർക്കുമുള്ള ബന്ധവും കണ്ണിലെ കൃഷ്ണമണി പോലെ നാം കാത്തു സൂക്ഷിക്കേണ്ടതാകുന്നു. വിപരീതമായ അന്തരീക്ഷം നിലനിൽക്കുന്ന ഇപ്പോഴത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽ പൊതുസമൂഹത്തിൽ ഐക്യത്തിന്റെ പ്രചാരകരായി നിങ്ങളേവരും സജീവമായി പ്രവർത്തിക്കണമെന്ന് ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

30.08.2010
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.